# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3319 — 29/1/2014 ൽ മറുപടിയ്ക്ക്

# കുട്ടനാട് പാക്കേജിന്റെ വിവിധഘട്ടങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തിയായോ; ഒന്നാംഘട്ടത്തിൽ ഏതൊക്കെ പ്രവർത്തനങ്ങളാണ് നടന്നതെന്ന് വിശദമാക്കുമോ; | (എ) കുട്ടനാട് പാക്കേജിൻ കീഴിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ഇറിഗേഷൻ വകുപ്പ് ഒഴികെ ബാക്കിയുള്ള വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണ്. എന്നാൽ 13-ാം ധനകാര്യകമ്മീഷൻ ഫണ്ടിൽ അംഗീകാരം ലഭിച്ച പദ്ധതികൾ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്നു. ഇവയുടെ പദ്ധതി കാലയളവ് 2011-15 ആണ്. കുട്ടനാട് പാക്കേജിൻ കീഴിൽ മൂന്ന് പദ്ധതികൾക്ക് മാത്രമാണ് ഘട്ടം തിരിച്ചുള്ള നിർവ്വഹണം നടപ്പിലാക്കി വരുന്നത്.<br><br>**ഇറിഗേഷൻ വകുപ്പ്**<br><br>1. എ.സി കനാൽ നവീകരണം –ഒന്നാം ഘട്ടം - മനക്കൽച്ചിറ മുതൽ ഒന്നാങ്കര വരെയുള്ള 11.72 (കി മീ) നവീകരണത്തിന് 20.69 കോടി രൂപ 13-ാം ധനകാര്യ കമ്മീഷൻ ഫണ്ടിൽ അംഗീകാരം ലഭിച്ച് ടെണ്ടർ ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ടത്തിന്റെ നിർമ്മാണപ്രവൃത്തികളുടെ ഉദ്ഘാടനം 13/1/2014 ൽ നടന്നു.<br>2. 231 പാടശേഖരങ്ങളിൽ പുറംബണ്ട് |

നിർമ്മാണത്തിനുള്ള ഫേസ് 1 (കെ.ഇ.എൽ III) 379.05 കോടി രൂപ ഒന്നാം ഘട്ടത്തിലാണ് നടപ്പിലാക്കുന്നത്. നാളിതുവരെ 12.70 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ട് പണികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ പുരോഗമിക്കുന്നു. 31/12/2015 വരെ കാലാവധി നീട്ടിക്കിട്ടുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്.

**മണ്ണ് സംരക്ഷണ വകുപ്പ്**

3) കുട്ടനാട് മേഖലയുടെ പാരിസ്ഥിതിക പുനരുജ്ജീവനത്തിനുള്ള മണ്ണ് ജല സംരക്ഷണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 15.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി അനുവദിച്ച 7.27 കോടി രൂപയിൽ നാളിതു വരെ 7.21 കോടി രൂപ ചെലവഴിച്ച് 56 കുളങ്ങളും 1495 കിണറുകളുടേയും പുനരുദ്ധാരണം നിർവ്വഹിച്ചിട്ടുണ്ട്. 2013-14 ൽ 4.36 കോടി രൂപയ്ക്കുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 13-ാം ധനകാര്യകമ്മീഷൻ അനുവദിച്ച തുക എത്ര എന്നും ഇതിൽ ചെലവഴിച്ചത് എത്ര എന്നും വിശദമാക്കാമോ ; | (ബി) | 13-ാം ധനകാര്യ കമ്മീഷനു കീഴിൽ<br>അംഗീകാരം ലഭിച്ചത് - 300 കോടി<br>അംഗീകരിച്ച പദ്ധതികൾ - 305 കോടി<br>റിലീസ് ചെയ്തത് - 130.73 കോടി<br>വിനിയോഗിച്ചത് - 64.51 കോടി |
| (സി) | കുട്ടനാട് പാക്കേജിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ഏതെല്ലാം പദ്ധതികൾ പൂർത്തിയായെന്നും, ഏതെല്ലാം പദ്ധതികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | <u>രണ്ടാം ഘട്ടം</u><br>1) എ.സി കനാൽ നിർമ്മാണം -രണ്ടാം ഘട്ടം - ഒന്നാങ്കര മുതൽ നെടുമുടി വരെയുള്ള 3.42 കി മീ ഭാഗത്തിനുള്ള ഡി പി ആർ തയ്യാറാക്കി വരുന്നു.<br>2) പുറംബണ്ട് നിർമ്മാണ പ്രവൃത്തി |

കളായ ഫേസ് II, III, IV ഘട്ടങ്ങൾ ഏകോപിപ്പിച്ച് കുട്ടനാട് താലൂക്ക് പദ്ധതി (398 പാടശേഖരം) യായി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ 240 പ്രവൃത്തികൾ ടെൻഡർ ചെയ്തു.

3) മണ്ണ് ജല സംരക്ഷണ പദ്ധതിയുടെ 2–ാം ഘട്ടത്തിന് 13–ാം ധനകാര്യ കമ്മീഷൻ ഫണ്ടിന് കീഴിൽ 25.20 കോടി രൂപ അംഗീകാരം (ഭരണാനുമതി) ലഭിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി, മൃഗസംരക്ഷണം, ജലസേചനം, ഫിഷറീസ്, പരിസ്ഥിതി, എസ്.എച്ച് . എം. വകുപ്പുകൾക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | വിശദാംശങ്ങൾ അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | കുട്ടനാട് പാക്കേജിന്റെ ഭാഗമായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിലും ആലപ്പുഴ നഗരസഭയിലും പ്രത്യേക പാക്കേജുകൾ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | കുട്ടനാട് പാക്കേജിന്റെ ഭാഗമായി അമ്പലപ്പുഴ നിയോജക മണ്ഡലത്തിലും ആലപ്പുഴ നഗരസഭയിലും പ്രത്യേക പാക്കേജുകൾ അംഗീകരിച്ചിട്ടില്ല. ആലപ്പുഴ ജില്ലയുടേയും കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കുട്ടനാടൻ പ്രദേശങ്ങളിലുമാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

| Sl.No | Dept./Agency | Sanctioned | Released | Utilized |
|---|---|---|---|---|
| | | Amount (Rs. in crores) | | |
| 1 | Irrigation | 771.4025 | 128.7525 | 87.3464 |
| | 13th Finance commission | 51.03 | 29.72 | 20.0451378 |
| | **Total** | **822.4325** | **158.4725** | **107.3915378** |
| 2 | Agriculture | 122.655 | 78.8395 | 71.3497 |
| | 13th Finance commission | 8.93 | 7 | 4.45614 |
| | **Total** | **131.585** | **85.8395** | **75.80584** |
| 3 | SHM | **15.23** | **9.4** | **9.29** |
| 4 | Animal Husbandry, KLDB | 9.22 | 7.139 | 6.918 |
| | 13th Finance commission | 42.8475 | 21.59 | 9.470 |
| | **Total** | **52.0675** | **28.729** | **16.388** |
| 5 | Fisheries, ADAK, MATSYAFED | 4.4 | 2.34 | 2.36 |
| | 13th Finance commission | 40.735 | 20.9062 | 16.626 |
| | **Total** | **45.135** | **23.2462** | **18.986** |
| 6 | Environment, FIRMA, Forest | **21.79** | **14.13** | **14.104** |
| 7 | Tourism | **0.5** | **0.5** | **0.12** |